(സി) ഈ ബില്ലുകളുടെ പേമെന്റ് നടത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസങ്ങൾക്ക് പൊതുവായാണ് തുക അനുവദിക്കുന്നത് എന്നാൽ 2005-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് കേന്ദ്ര ഗവൺമെന്റ് 17.93 കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. ടി തുകയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതവും ഉൾപ്പെടെ 2005-06 വർഷം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിച്ച തുക 108.22 കോടി രൂപയാണ്. അതിൽ നിന്നും ഇതുവരെ വരൾച്ച, വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി അനുവദിച്ച തുകയുടെ ജില്ല തിരിച്ച കണക്ക് അനുബന്ധം 1-ആയി ഉൾക്കൊള്ളിക്കുന്നു. †

(ബി & സി) വിവരം ശേഖരിച്ചു വരുന്നു.

റിവർ മാനേജ്മെന്റ് ഫണ്ട്

146 [1085] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ഡിസംബർ 31 വരെ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി പുഴ സംരക്ഷണത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് ;

(ബി) തൃശ്ശൂർ ജില്ലയിൽ 2005 ഡിസംബർ 31 വരെ എത്ര നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി നൽകിയിട്ടും പ്രവർത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കുരുവന്നൂർ പുഴയിൽ ഇല്ലിക്കൽ റെഗുലേറ്ററിന് മേൽഭാഗത്ത് ഹെർബർട്ട് കനാലിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) തൃശ്ശൂർ ജില്ലയിൽ 2005 ഡിസംബർ 31 വരെ 60 നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. എത്രയും പെട്ടെന്ന് ഭരണാനുമതി നൽകിയ പ്രവർത്തികൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ചില നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly